**കോഴിക്കോട് വീണ്ടും കഞ്ചാവ് വേട്ട**

**പത്ത് കിലോ കഞ്ചാവുമായി രണ്ടുപേർ അറസ്റ്റിൽ**

മലപ്പുറം സ്വദേശികളായ കോട്ടക്കൽ നിസാമുദീൻ(29), വാഴക്കാട് അനസ് (28) എന്നിവരാണ് അറസ്റ്റിലായത്. ആഡംബര വാഹനങ്ങൾ വാടകക്കെടുത്തും ട്രെയിൻ മാർഗവും ആന്ധ്രയിൽ നിന്നും കഞ്ചാവെത്തിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്തു വരുന്നതിനിടയിലാണ് പ്രതികൾ പിടിയിലായത്. സിറ്റി പോലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ അഖിലേഷ്, സജി, ജോമോൻ, നവീൻ, ശാലു, മുഹമ്മദ് ഷാഫി, പ്രപിൻ, നിജിലേഷ്, ജിനേഷ്, സുമേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത് .